# STD - VIII

## അദ്ധ്യാപക സഹായി

## പാഠം – എട്ട് കേരള ലത്തീൻസഭ (രണ്ടാം ഭാഗം) ഭാഗം – ഒന്ന്

### ലക്ഷ്യം

സങ്കീർണമായ നിരവധി സംഭവവികാസങ്ങളിലൂടെയാണ് കേരള ലത്തീൻസഭ രൂപം കൊണ്ടത്. ഈശോസഭാ – കർമ്മലീത്ത, മിഷണറിമാരുടെ തീക്ഷ്ണതയേറിയ പ്രവർത്തന ഫലമാണ് ഇന്നത്തെ കേരളത്തിലെ ലത്തീൻസഭ. ഞാൻ അംഗമായ ലത്തീൻസഭയുടെ കേരളത്തിലെ ഉത്ഭവവും വളർച്ചയും അറിയേണ്ടതും അറിയിക്കേണ്ടതും എന്റെ കടമ യാണ്.

### പഠനസഹായികൾ

* ഭാരതത്തിലെ റോമൻ കത്തോലിക്കർ – ഫാ. ആന്റണി പാട്ടപ്പറമ്പിൽ
* വരാപ്പുഴ എന്റെ അതിരൂപത – മാനിഷാദ് മട്ടക്കൽ
* ഹോർത്തൂസ് മലബാറിക്കൂസ് – പുസ്തക ചിത്രം
* ചാത്യാത്ത് ദേവാലയത്തിന്റെ ചിത്രം

### പാഠത്തിന്റെ ഉള്ളടക്കം

* 1659 ഡിസംബർ 3–ന് മലബാർ വികാരിയാത്ത് സ്ഥാപിക്കുകയും ജോസഫ് സെബസ്ത്യാനിയെ പ്രഥമ വികാരി അപ്പസ്തോലിക്കയായി നിയമിക്കുകയും ചെയ്തു.
* ഫാ. മത്തേവൂസിന്റെ ഉൾനാടൻ ഗ്രാമങ്ങളിലെ പ്രേഷിത പ്രവർത്തനം. അദ്ദേഹം കേരളത്തിലെ സസ്യസമ്പത്തിനെക്കുറിച്ച് എഴുതിയ ഗ്രന്ഥമാണ് ഹോർത്തൂസ് മലബാറിക്കൂസ്. അദ്ദേഹം നിർമ്മിച്ച ദൈവാലയമാണ് ചാത്യാത്ത് മൗണ്ട് കാർമ്മൽ ദേവാലയം.
* 1838–ൽ മുൾത്താ പ്രെക്ലാരേ എന്ന തിരുവെഴുത്തുവഴി ഗ്രിഗറി പതിനാറാമൻ പാപ്പ പാദ്രെവാദൊ അധികാരം താൽക്കാലികമായി നിർത്തലാക്കി. കൊച്ചി, കൊടുങ്ങല്ലൂർ രൂപതകളിലെ ഭരണാധികാരികൾ വരാപ്പുഴ വികാരിയാത്തിന്റെ കീഴിലാക്കി. അങ്ങനെ വരാപ്പുഴയ്ക്ക് രൂപതകളുടെ മാതാവ് എന്ന വിശേഷണം ലഭിച്ചു.
* കേരളത്തിലെ സഭയെ മറ്റൊരു വിഭജനത്തിലേക്കു നയിച്ച സംഭവമാണ് റോക്കോസ് ശീശ്മ. മല്പാന്മാർ പരിശീലനം നൽകിയ വൈദികാർത്ഥികൾക്ക് പട്ടം നൽകാൻ സാധ്യമല്ല എന്ന കർക്കശ നിലപാട് ബെർണദീൻ ബെച്ചിനെല്ലി പിതാവ് സ്വീകരിച്ചതാണ് കാരണം. ബെർണഡിൻ മെത്രാപ്പോലീത്ത റോക്കോസിനെ മഹറോൻ ചൊല്ലി.

## പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, സഭയുടെ വളർച്ചയിൽ നേരിട്ട പ്രയാസങ്ങളും വിഷമതകളും തരണം ചെയ്യാൻ പൂർവികരെ അനുഗ്രഹിച്ചതുപോലെ ഈ കാലയളവിലും പ്രതിസന്ധികളും പീഡനങ്ങളും തരണം ചെയ്യാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

## ചോദ്യങ്ങൾ

1. മലബാർ വികാരിയാത്ത് സ്ഥാപിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കുക.
2. ഫാ. മത്തേവൂസ് രചിച്ച ഗ്രന്ഥം ഏതാണ്?
3. ചാത്യാത്ത് പള്ളി നിർമ്മിച്ചത് ആരാണ്?
4. വരാപ്പുഴയ്ക്ക് രൂപതകളുടെ മാതാവ് എന്ന വിശേഷണം ലഭിച്ചത് എങ്ങനെയാണ്?
5. ഏത് തിരുവെഴുത്ത് വഴിയാണ് ഗ്രിഗറി പതിനാറാമൻ പാപ്പ പാദ്രെവാദൊ അധികാരം താൽക്കാലികമായി നിർത്തലാക്കിയത്?

# STD - VIII

## അദ്ധ്യാപക സഹായി

## പാഠം - എട്ട്    കേരള ലത്തീൻസഭ (രണ്ടാം ഭാഗം)    ഭാഗം - രണ്ട്

### ലക്ഷ്യം

കേരളത്തിന്റെ വിദ്യാഭ്യാസ-സാംസ്കാരിക മണ്ഡലങ്ങളിൽ കേരള ലത്തീൻസഭ നൽകിയ സേവനത്തിന്റെ പ്രധാനികൾ സുവിശേഷ പ്രഘോഷകരായ മിഷണറിമാരാണ്. ലത്തീൻ സമുദായംഗമായ ഞാൻ എന്റെ സഭയുടെ വളർച്ചയുടെ ഉന്നമനത്തിനായി പ്രവർത്തിക്കും. ലത്തീൻ സമുദായത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന അല്മായ സംഘടനകളെ പരിചയപ്പെടുകയും അംഗത്വമെടുക്കുകയും പ്രവർത്തിക്കുകയും ചെയ്യും. മിഷണറിമാരെപ്പോലെ കേരള ലത്തീൻസഭയുടെ കെട്ടുറപ്പിനും വളർച്ചയ്ക്കുവേണ്ടി ഞാൻ സ്വയം സമർപ്പിച്ച് പ്രവർത്തിക്കും.

### പഠനസഹായികൾ

* വരാപ്പുഴ മൗണ്ട് കാർമൽ ആൻഡ് സെന്റ് ജോസഫ് ബസിലിക്കയുടെ ചിത്രം
* വരാപ്പുഴയും കേരളസമൂഹവും നവോത്ഥാന സ്നാപനം പുസ്തകം (ജീവനാദം പബ്ലിക്കേഷൻസ്)
* വരാപ്പുഴ അതിരൂപത മെത്രാസന മന്ദിരം - ഫോട്ടോ

### പാഠത്തിന്റെ ഉള്ളടക്കം

* 1874-ൽ പാപ്പായെ ധിക്കരിച്ച് കൽദായ റീത്തിലെ മെല്ലൂസ് മെത്രാനെ പാത്രിയാർക്കീസ് കേരളത്തിലേക്കയച്ചു. തൃശൂർ വ്യാകുലമാതാ ദേവാലയം കേന്ദ്രമാക്കി ലത്തീൻസഭയ്ക്കെതിരെ മെല്ലൂസ് പ്രവർത്തിക്കാൻ തുടങ്ങി. ഇതാണ് മെല്ലൂസ് ശീശ്മ.
* ഇത്തരം വിഘടനാശ്രമങ്ങൾ കേരള ലത്തീൻസഭയുടെ ചരിത്രത്തിൽ ഉടനീളമുണ്ടായിട്ടുണ്ട്. ഇത്തരം വിഭാഗീയതകൾ ചെറുത്തു തോൽപ്പിക്കാൻ മിഷണറിമാർ നൽകിയ സേവനങ്ങൾ വിലമതിക്കാനാവാത്തത്.
* 1886 സെപ്റ്റംബർ 1-ന് ലെയോ 13-ാം പാപ്പ 'ഹ്യുമാനേ സാളുത്തിസ്' എന്ന തിരുവെഴുത്ത് വഴി ഭാരതത്തിൽ ഹയരാർക്കി സ്ഥാപിച്ചു. വരാപ്പുഴ വികാരിയാത്തിനെ അതിരൂപതയായി ഉയർത്തി. സുറിയാനി ക്രിസ്ത്യാനികൾ ഉൾപ്പെടെ വരാപ്പുഴയുടെ കീഴിലായി. 1887-ൽ തൃശൂർ, കോട്ടയം വികാരിയാത്തുകൾ സ്ഥാപിച്ച് സുറിയാനിക്കാരെ അവരുടെ കീഴിലാക്കി.
* 1953-ൽ പുറപ്പെടുവിച്ച പ്രൊപ്പഗാന്ത ഫീദേയുടെ ഡിക്രി പ്രകാരമാണ് കൊച്ചി രൂപത വരാപ്പുഴ അതിരൂപതയുടെ സാമന്തരൂപതയായത്.

## പ്രാർത്ഥന

മിഷണറിമാരെപ്പോലെ ലത്തീൻസഭയുടെ കെട്ടുറപ്പിനും വളർച്ചയ്ക്കും വേണ്ടി സ്വയം സമർപ്പിക്കാൻ എന്നെ പ്രാപ്തനാക്കണമേ.

## ചോദ്യങ്ങൾ

1. എന്താണ് മെല്ലൂസ് ശീശ്മ?
2. ഭാരതത്തിൽ ഹയരാർക്കി സ്ഥാപിച്ചത് എന്നാണ്?
3. ഏത് പാപ്പായാണ് ഭാരതത്തിൽ ഹയരാർക്കി സ്ഥാപിച്ചത്?
4. വരാപ്പുഴ അതിരൂപതയുടെ ആദ്യ മെത്രാസനമന്ദിരം എവിടെയായിരുന്നു?
5. വരാപ്പുഴ അതിരൂപതയുടെ പ്രഥമ തദ്ദേശീയ മെത്രാപ്പോലീത്ത ആരാണ്?